**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3429** **02-03-2023 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയെ യന്ത്രവത്കരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷികവൃത്തി ലാഭകരമാക്കുന്നതിനും കർഷകത്തൊഴിലാളികളുടെ അധ്വാനഭാരം കുറയ്ക്കുന്നതിനും കാർഷിക മേഖല നവീകരിക്കുന്നതിന്റെ ഭാഗമായി കാർഷിക അനുബന്ധോപകരണങ്ങൾ ലഭ്യമാക്കുന്നതിനും ക്രമാനുഗതമായി യന്ത്രവത്ക്കരണം നടപ്പാക്കുന്നതിനുമായി നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ജില്ല അടിസ്ഥാനത്തിലുള്ള 14 കസ്റ്റം ഹയറിംഗ് സെന്ററുകൾ, ബ്ലോക്ക് അടിസ്ഥാനത്തിലുള്ള 99 കാർഷിക സേവനകേന്ദ്രങ്ങൾ, പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള 368 കാർഷിക കർമ്മസേനകൾ എന്നിവ മുഖേന വിവിധ തരത്തിലുള്ള കാർഷിക യന്ത്രങ്ങളുടെ സേവനം കർഷകർക്ക് നൽകിവരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ പദ്ധതി (SMAM) വഴി 40% മുതൽ 60% വരെ സബ്സിഡിയോടെ വ്യക്തികൾക്കും, 40%, 80% എന്നീ നിരക്കിൽ സബ്സിഡിയോടെ കർഷക ഗ്രൂപ്പുകൾക്കും, പാടശേഖര സമിതികൾക്കും കാർഷിക യന്ത്രങ്ങൾ ലഭ്യമാക്കി വരുന്നു. വ്യക്തികൾ വഴിയും, കർഷക ഗ്രൂപ്പുകൾ/സമിതികൾ വഴിയും കർഷകർക്ക് വാടകയ്ക്ക് കാർഷിക യന്ത്രങ്ങൾ ലഭ്യമാക്കുന്നതിനുള്ള സൗകര്യമുണ്ട്. കൃഷി വകുപ്പിന് കീഴിലുള്ള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ 'കാർഷിക യന്ത്രകിരണ സേന' എന്ന മൊബൈൽ റിപ്പയറിംഗ് യൂണിറ്റ് രൂപീകരിച്ച് ജില്ലകൾ തോറും 'കാർഷിക യന്ത്രപരിരക്ഷണ യജ്ഞം' ആവിഷ്കരിച്ച് കാർഷിക സേവന കേന്ദ്രങ്ങളുടെയും, കാർഷിക കർമ്മ സേനകളുടെയും ഉടമസ്ഥതയിലുള്ള കാർഷിക യന്ത്രങ്ങൾ അറ്റകുറ്റപണി നടത്തുന്നുണ്ട്. കൂടാതെ 705 സേവനദായകർക്ക് പരിശീലനവും നൽകിയിട്ടുണ്ട്. |
| (ബി) | ഗുണമേന്മയുള്ളതും ഈട് നിൽക്കുന്നതുമായ കാർഷിക അനുബന്ധോപകരണങ്ങളും ലഘു യന്ത്രങ്ങളും ലഭ്യമാക്കുന്നതിനും അവയുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിച്ച് കൊടുക്കുന്നതിനും കഴിയുന്ന തരത്തിലുള്ള സെന്ററുകൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; | (ബി) | കൃഷി വകുപ്പിന് കീഴിലുള്ള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ മുഖേന കാർഷിക യന്ത്രങ്ങളുടെ കണക്കെടുപ്പ് നടത്തുകയും, 'കാർഷിക യന്ത്രകിരണ സേന' എന്ന പേരിൽ മൊബൈൽ റിപ്പയർ യൂണിറ്റ് രൂപീകരിച്ച് ജില്ലകൾ തോറും 'കാർഷിക യന്ത്രപരിരക്ഷണ യജ്ഞം' ആവിഷ്കരിച്ച് കാർഷിക സേവനകേന്ദ്രങ്ങളുടെയും, കാർഷിക കർമ്മസേനകളുടെയും ഉടമസ്ഥതയിലുള്ള കാർഷിക യന്ത്രങ്ങൾ അറ്റകുറ്റപണി നടത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ അഞ്ച് ഘട്ടങ്ങളിലൂടെ 1855 കാർഷിക യന്ത്രങ്ങൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. കൂടാതെ 705 സേവനദായകർക്ക് പരിശീലനവും നൽകിയിട്ടുണ്ട്. 'കാർഷിക യന്ത്രം സർവം ചലിതം കിളിമാനൂർ' എന്ന പദ്ധതിയിലൂടെ കേടായി കിടന്ന 48 കാർഷിക യന്ത്രങ്ങൾ മിഷൻ റിപ്പയർ ചെയ്ത് കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈ പദ്ധതി 'കാർഷിക യന്ത്രം |

<table>
<tr><td></td><td></td><td></td><td>സർവം ചലിതം കേരളം' എന്ന പേരിൽ സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.</td></tr>
<tr><td>(സി)</td><td>പ്രസ്തുത ഉപകരണങ്ങളും യന്ത്രങ്ങളും വാങ്ങുന്നതിന് കർഷകർക്ക് നിലവിൽ എന്തെല്ലാം സബ്സിഡികൾ ലഭിക്കുന്നുണ്ടെന്നും അവ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ?</td><td>(സി)</td><td>കേന്ദ്രാവിഷ്കൃത പദ്ധതിയായ സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ (SMAM) മുഖേന ചെറുകിട യന്ത്രങ്ങൾ മുതൽ കൊയ്ത്തുമെതിയന്ത്രം വരെയും, വിള സംസ്കരണവുമായി ബന്ധപ്പെട്ട ഡ്രയറുകൾ, മില്ലുകൾ തുടങ്ങിയവയും കർഷകർക്കും കർഷകഗ്രൂപ്പുകൾക്കും ചുവടെ ചേർക്കുന്ന സബ്സിഡി നിരക്കിൽ ലഭ്യമാണ്.<br>
<table>
<tr><td>ഘടകം-1</td><td>കർഷകർക്ക് കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള വ്യക്തിഗത സഹായം</td><td>40% മുതൽ 60% വരെ സബ്സിഡി</td></tr>
<tr><td>ഘടകം-2</td><td>കസ്റ്റം ഹയറിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള സാമ്പത്തിക സഹായം</td><td>40% സബ്സിഡി</td></tr>
<tr><td>ഘടകം-3</td><td>ഫാം മെഷിനറി ബാങ്കുകൾ സ്ഥാപിക്കുന്നതിനുള്ള സാമ്പത്തിക സഹായം</td><td>80% സബ്സിഡി</td></tr>
</table>
കാലാകാലങ്ങളിൽ പദ്ധതിയുടെ മാർഗ്ഗരേഖ പരിഷ്കരിക്കുന്നതിന് അനുസരിച്ച് സബ്സിഡി നിരക്ക് പരിഷ്കരിക്കാറുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ